ദേശീയ ടാലന്റ് റിക്കാർഡ് നേടിയ ആക്ട്സിന് തൃശൂർ തെക്കേഗോപുരനടയിൽ നടന്ന സ്ഥാപകദിനാഘോഷ ചടങ്ങിൽ ഗിന്നസ് ലോക റിക്കാർഡ് ജേതാവ് സത്താർ ആദൂർ സർട്ടിഫിക്കറ്റ് കൈമാറുന്നു. ജസ്റ്റിസ് പി.എം. മനോജ്,മേയർ എം.കെ. വർഗീസ്, ആർച്ച്ബിഷപ് എമരിറ്റസ് മാർ ജേക്കബ് തൂങ്കുഴി, മുഹമ്മദ് ഫൈസി ഓണമ്പിള്ളി, സ്വാമി വിശ്വഭദ്രാനന്ദ ശക്തിബോധി, അഡ്വ. തേറമ്പിൽ രാമകൃഷ്ണൻ തുടങ്ങിയവർ സമീപം.

സ്ഥാപകദിനത്തിൽ അപൂർവ നേട്ടം സ്വന്തമാക്കി ആക്ട്സ്

തൃശൂർ: റോഡപകടങ്ങളിൽപെടുന്നവർക്കു സൗജന്യ ആംബുലൻസ് സഹായമേകി കാൽനൂറ്റാണ്ടിലേക്കു കടക്കുന്ന ആക്ട്സിന് അപൂർവറിക്കാർഡ്. 24-ാം സ്ഥാപകദിനാഘോഷത്തിനു മാറ്റേകി ദേശീയ ടാലന്റ് റിക്കാർഡ് ബുക്കിലാണ് ആക്ട്സ് ഇടംപടിച്ചത്. തെക്കേഗോപുരനടയിൽ നടന്ന ചടങ്ങിൽ ഗിന്നസ് ലോക റിക്കാർഡ് ജേതാവ് സത്താർ ആദൂർ സർട്ടിഫിക്കറ്റ് കൈമാറി.

ഇന്ത്യയിലെ 806 ജില്ലകളിൽ തൃശൂരിൽമാത്രമാണ് ചാരിറ്റബിൾ സൊസൈറ്റിയുടെ കീഴിൽ ഇത്ര വിപുലമായ തോതിൽ സൗജന്യ ആംബുലൻസ് സൗകര്യമുള്ളത്.

സ്ഥാപകദിനാഘോഷം ഇന്നലെ വൈകീട്ട് അഞ്ചിനു തൃശൂർ തെക്കേഗോപുരനടയിൽ ഹൈക്കോടതി ജഡ്ജി ജസ്റ്റിസ് പി. എം. മനോജ് ഉദ്ഘാടനം ചെയ്തു. മേയർ എം.കെ. വർഗീസ്, ആർച്ച്ബിഷപ് എമരിറ്റസ് മാർ ജേക്കബ് തൂങ്കുഴി, മുഹമ്മദ് ഫൈസി ഓണമ്പിള്ളി, സ്വാമി വിശ്വഭദ്രാനന്ദ ശക്തിബോധി, അഡ്വ. തേറമ്പിൽ രാമകൃഷ്ണൻ എന്നിവർ പങ്കെടുത്തു.

സമ്മേളനത്തിനു മുന്നോടിയായി നഗരത്തിൽ നടന്ന പ്രകടനം തൃശൂർ കോർപറേഷൻ ഓഫീസിനു മുന്നിൽ എസിപി സുദർശൻ ഫ്ളാഗ് ഓഫ് ചെയ്തു. ആക്ട്സിന്റെ എല്ലാ ബ്രാഞ്ചുകളിലെയും പ്രവർത്തകർ അണിനിരന്ന പ്രകടനം സ്വരാജ് റൗണ്ട് ചുറ്റി സമ്മേളനവേദിയായ തെക്കേഗോപുരനടയിൽ സമാപിച്ചു.

പന്തീരായിരം നാളികേരമേറും കളംപാട്ട് ഉത്സവവും ഇന്നും നാളെയും

തിരുവില്വാമല: ശ്രീ വേട്ടേക്കരൻകാവ് ക്ഷേത്രത്തിൽ പന്തീരായിരം നാളികേരമേറും കളംപാട്ട് മഹോത്സവവും ഇന്നും നാളെയുമായി നടക്കും.

ഇന്നു രാവിലെ അഞ്ചിനു ഗണപതിഹോമത്തോടെ ചടങ്ങുകൾക്കു തുടക്കമാകും . തുടർന്ന് വിവിധ പൂജകൾക്കു ശേഷം രാവിലെ നടക്കുന്ന സാംസ്കാരികസമ്മേളനം തിരുവില്വാമല ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് കെ. പദ്മജ ഉദ്ഘാടനം ചെയ്യും. 11 നു പാട്ട് കൂറയിടൽ, ഉച്ചപ്പാട്ട്, കലാമണ്ഡലം പരമേശ്വരനും സംഘവും അവതരിപ്പിക്കുന്ന ഓട്ടൻതുള്ളൽ തുടർന്ന് പ്രസാദ ഊട്ട്, വൈകുന്നേരം മൂന്നുമണിക്കു വേട്ടേക്കരന്റെ കളംവരയ്ക്കൽ ചടങ്ങ്, ദീപാരാധന, മുല്ലയ്ക്കരി പാട്ടിന് എഴുന്നള്ളിപ്പ്, മേളത്തോടുകൂടി വേട്ടയ്ക്കൊരുമകനു വരവേൽപ്പ്, കളംപൂജ, കളംപാട്ട്, തിരി ഉഴിച്ചൽ എന്നിവയുണ്ടാവും.

നാളെ രാവിലെ ഗണപതി ഹോമം, പന്തീരായിരം കൊട്ടി അറിയിക്കൽ, പത്തിന് ചാക്യാർകൂത്ത്, സോപാനസംഗീതം, വൈകീട്ട് നാലിനു തായമ്പക, തുടർന്ന് കേളി, ദീപാരാധന, എട്ടുമണിക്കു മുല്ലക്കൽപാട്ടിന് എഴുന്നള്ളിപ്പ്, തുടർന്ന് കൊച്ചുപറക്കോട്ടുകാവിൽനിന്നു കാവിലേക്കുള്ള എഴുന്നള്ളിപ്പ്, പന്തീരായിരം നാളികേരം എറിയൽ, പ്രസാദവിതരണം, കൂറവലിക്കൽ എന്നിവയോടുകൂടി ചടങ്ങുകൾ സമാപിക്കുമെന്നു ഭാരവാഹികളായ ടി. രാധാകൃഷ്ണൻ, ഹരിപ്രസാദ്, നാരായണൻകുട്ടി തൊഴൂർ, കെ.എസ്. കൃഷ്ണമണി, വേണുഗോപാൽ, എം. എ. മുരളീധരൻ എന്നിവർ പത്രസമ്മേളനത്തിൽ അറിയിച്ചു.

ദ്രൗപദീദിനം ഇന്ന്; പാണ്ഡവഗിരിയിൽ സ്ത്രീകൾ രഥം വലിക്കും

വെങ്ങിണിശേരി: അയ്ക്കുന്ന് പാണ്ഡവഗിരി ദേവീക്ഷേത്രത്തിൽ ഇന്നു ദ്രൗപദീദിനം വിവിധ പരിപാടികളോടെ ആഘോഷിക്കും. വൈശാഖകാർത്തികയായ ഇന്നു രാവിലെ പാണ്ഡവഗിരി രഥഘോഷയാത്ര നടക്കും.

പാണ്ഡവഗിരിദേവിയുടെ പഞ്ചലോഹവിഗ്രഹവും ദേവിക്കു സമർപ്പിക്കാനുള്ള പട്ടും താലിയും വാൽക്കണ്ണാടിയും പുടവയും വഹിച്ചുകൊണ്ടുള്ള ഘോഷയാത്രയിൽ രഥം സ്ത്രീകളാണ് വലിക്കുക.

ഉച്ചയ്ക്കു 12ന് അമൃതഭോജനം. വൈകീട്ടു നടക്കുന്ന കലാപരിപാടികൾ സ്വാമി ഭൂമാനന്ദതീർഥ ഉദ്ഘാടനം ചെയ്യും.

ടീബി മീറ്റ് കോട്ടയത്ത്

കൊച്ചി: ടാലന്റഡ് ബാങ്കേഴ്സ് കൾച്ചറൽ സൊസൈറ്റിയുടെ അഞ്ചാമത് വാർഷിക സാംസ്കാരിക സമ്മേളനം 'ടീബി മീറ്റ് 2024' 11നും 12നും കോട്ടയം കുമാരനല്ലൂർ ഐത്തോസ കൺവൻഷൻ സെന്റർ ഓഡിറ്റോറിയത്തിൽ നടക്കും. ടീബി കൾച്ചറൽ സൊസൈറ്റിയിലെ അംഗങ്ങൾക്കു മാത്രമായിരിക്കും പ്രവേശനം. അംഗത്വമെടുക്കുന്നതിനും കൂടുതൽ വിവരങ്ങൾക്ക് www.talented-banke rs.org

കാരുണ്യം വിതറിയ ആത്മീയപ്രവർത്തനം

തിരുവല്ല: അപ്പർകുട്ടനാടിന്റെ കാരുണ്യസ്പർശം ലോകത്തിന് പരിചയപ്പെടുത്തിയാണ് ഡോ. കെ.പി. യോഹന്നാൻ ശ്രദ്ധേയനായത്. നിറപുഞ്ചിരിയോടെ ആരെയും സമീപിക്കുന്ന പ്രകൃതക്കാരനായിരുന്നു അദ്ദേഹം. ചെറുപ്പകാലത്തുതന്നെ ആത്മീയ പ്രവർത്തനങ്ങളിൽ വ്യാപൃതനായ കെ.പി. യോഹന്നാന്റെ ജീവിതത്തിലെ ഓരോ ഘട്ടവും വ്യത്യസ്തത നിറഞ്ഞതായിരുന്നു. പ്രഭാഷകൻ എന്ന നിലയിലാണ് അദ്ദേഹം ആദ്യം ശ്രദ്ധേയനായത്.

ഗോസ്പൽ ഫോർ ഏഷ്യ എന്ന സംഘടനയും ആത്മീയ യാത്ര റേഡിയോ പ്രഭാഷണ പരിപാടിയും കെ.പി. യോഹന്നാന് ലോകമെമ്പാടും പ്രവർത്തനം വ്യാപിപ്പിക്കാൻ സഹായകരമായി. ഭാരതത്തിനകത്തും പുറത്തുമായി അദ്ദേഹം നടത്തിയ സന്ദർശനങ്ങളിലൂടെ പുതിയ പാഠങ്ങൾ ഉൾക്കൊണ്ടു. സുവിശേഷ പ്രവർത്തനം കാരുണ്യത്തിന്റെ മാർഗത്തിലൂടെ വഴിതിരിക്കാൻ യാത്രകൾ കെ.പി. യോഹന്നാനെ സഹായിച്ചു.

1978ൽ ഭാര്യയുമായി ചേർന്നാണ് ഗോസ്പൽ ഫോർ ഏഷ്യ എന്ന സ്ഥാപനത്തിന് തുടക്കമിട്ടത്. സംഘടന വളർന്നതോടെ നീണ്ട വിദേശവാസത്തിനു ശേഷം തിരുവല്ല ആസ്ഥാനമായി പ്രവർത്തിക്കാൻ യോഹന്നാൻ തീരുമാനിച്ചു. ലോകമെമ്പാടുമുള്ള വിശ്വാസിസമൂഹത്തെ ചേർത്തുനിർത്തി 2003ൽ ബിലീവേഴ്സ് ചർച്ച എന്ന സഭയ്ക്ക് രൂപം നൽകി. ആതുരവേസന രംഗത്ത് സഭ വേറിട്ട സാന്നിധ്യമായി.

തിരുവല്ലയിൽ മെഡിക്കൽ കോളജ് തുടങ്ങിയത് ഇതിന്റെ ഭാഗമായാണ്. ബിലീവേഴ്സ് ചർച്ചിന്റെ ആതുരാലയങ്ങൾ മറ്റു സ്ഥലങ്ങളിലുമുണ്ട്. ഇന്ത്യയിലുടനീളം കാരുണ്യ പ്രവർത്തനങ്ങൾ ഏറ്റെടുത്തു. ദുരന്തമുഖങ്ങളിൽ കാരുണ്യ സ്പർശമായി. രണ്ട് ബൈബിൾ കോളജുകൾ സ്ഥാപിച്ചു. സുവിശേഷ തത്പരരായ ആളുകളെ കണ്ടെത്തി അവരെ അതിലേക്ക് വഴിതിരിച്ചുവിടുന്നതിൽ പ്രത്യേക ശ്രദ്ധ ചെലുത്തി. 300 പുസ്തകങ്ങൾ എഴുതിയിട്ടുണ്ട്. എല്ലാം ആത്മീയതലത്തിൽ നിന്നുള്ളവയാണ്.

ദീപിക ക്ലാസിഫൈഡ്സ്

മരിയ സെപ്റ്റിക് ടാങ്ക് ക്ലീനിങ്ങ്
7560840085
ബ്ലോക്ക്, മെയിന്റനൻസ് ജില്ലയിൽ എവിടെയും പകലും വ്യത്തിയാക്കുന്നു
9633410797
T2405-530169

കൃപ ഹോം നേഴ്സിംഗ്
രോഗിപരിചരണം (M/F), ശിശുസംരക്ഷണം, വീട്ടുജോലി, പ്രസവശുശ്രൂഷ, ഹോസ്പിറ്റൽ ബൈസ്റ്റാൻഡർ, കോവിഡ് ഡ്യൂട്ടി എന്നീ ജോലികൾക്ക് ജോലിക്കാരെ വേണ്ടവരും ജോലി വേണ്ടവരും വിളിക്കുക.
കൃപ ഹോം നേഴ്സിംഗ്, മുട്ടം
Ph: 7902857211
9746518466
K2403-527302

ഹോം നഴ്സിംഗ്
പരിചയമുള്ള രോഗീപരിചരണം, വീട്ടുജോലി, പ്രസവശുശ്രൂഷ (സ്ത്രീ/പുരുഷൻ) വേതനം: 14000-30000 Rs). ദിവസവേതനത്തിൽ ബൈസ്റ്റാൻഡറെ ലഭിക്കുന്നതിന്.
വെസ്റ്റേൺ, തൊടുപുഴ, മുട്ടം
04862-255326,
9446813356, 9388810095
K2405-530425

B.Sc. Nursing
M.Sc. Nursing
Post B.Sc. Nursing
GNM, ANM, Aviation
എല്ലാ ഡിഗ്രി കോഴ്സുകൾക്കും അഡ്വാൻസ്ഡ് സ്പെഷ്യാലിറ്റി
100% Job Placement
കത്തോലിക്കാ സിസ്റ്റേഴ്സിന്റെ മേൽനോട്ടത്തിൽ കേരളത്തിന് പുറത്ത് നടത്തുന്ന കോളജിലേക്ക് ഡയറക്ട് അഡ്മിഷൻ തുടരുന്നു.
Contact:
Sr.Dr. Ancy Joseph SSJ
Ph: 6361340739
Bangalore
K2405-530430

CHANGE OF NAME
I, Sajeena Mohamed Yunus, holder of Indian Passport No.K5358473, residing at Azia manzil, School Lane, Parakunnam, Palakkad-678001 hereby change my name **SAJEENA MOZHIKUNNAM SYEDALAVI.**
Sd/-
T2405-530493

നഷ്ടപ്പെട്ടു
എന്റെ പേരിലുള്ള Passport (R8106931) യാത്രാമദ്ധ്യേ നഷ്ടപ്പെട്ടു. കണ്ടുകിട്ടുന്നവർ അറിയിക്കുക
DELMA
Chalakkal House
Parapur P O
Thrissur 680552
7012117696
T2405-530481

Valavi & Co
Near Market Bridge
Broadway
Ernakulam
Ph: 0484 235 3765
9074885863
Mail: brovalavi@gmail.com
E2403-526617

Change of Name and Date of Birth
I, Lilli (Passport No: M0519750) residing at Koodarathil House, Ayilur Via, Kairady Post, Palakkad, Pin 678510. Date of Birth 01-01-1962 (Passport No: M0519750) do hereby change my name as LILLY VARGHESE (Aadhar No: 931482101184) Koodarathil House, Chevunni, Kairady P.O, Palakkad, Pin 678510 and Date of Birth 18-10-1962 (Pan No. CPGPV09514)
T2405-530495

CHANGE OF NAME
I, FIDHA NERHEES holder of passport number P7319757 do hereby change my name to FIDHA NERHEES T.B
T2405-530470

അറിയിപ്പ്
മുണ്ടൂർ സബ് രജിസ്ട്രി 1117-ലെ 212-ാം നമ്പർ തീരാധാരപ്രകാരം എന്റെ അമ്മ കുറുപ്പത്ത് വീട്ടിൽ കാർത്ത്യായനി അമ്മയ്ക്ക് ലഭിച്ച വെളപ്പായ വില്ലേജ് (മുൻസർവ്വെ 35/2) റീസർവ്വെ 22/6ൽ 14.54 ആർ വഹകളുടെ അസ്സൽ ആധാരം തിരിച്ചുകിട്ടാനാവാത്ത വിധം നഷ്ടപ്പെട്ടിരിക്കുന്നു. ടി വഹകൾ അമ്മയുടെ കാലശേഷം പിൻതുടർച്ചാവകാശികൾ ആയ ഞങ്ങൾക്ക് ഭാഗാധാരം ചെയ്യുന്നതിനോ ക്രയവിക്രയം ചെയ്യുന്നതിനോ ആർക്കെങ്കിലും എന്തെങ്കിലും പരാതികൾ ഉണ്ടെങ്കിൽ ഇന്നുമുതൽ 10 ദിവസത്തിനുള്ളിൽ എന്നെ രേഖാമൂലം അറിയിക്കേണ്ടതാണ്. അല്ലാത്തപക്ഷം മേൽനമ്പർ ആധാരത്തിന്റെ സർട്ടിഫൈഡ് പകർപ്പ് ഉപയോഗിച്ച് ഞങ്ങൾ ടി വഹകൾ മേൽ പറഞ്ഞ പ്രകാരം പ്രസ്തുത രേഖകൾ ചെയ്യുന്നതാണ്.
എന്ന്
കുറുപ്പത്ത് വീട്ടിൽ
കാർത്ത്യായനി അമ്മ മകൻ
മുകുന്ദൻ, വെളപ്പായ
Ph: 9746586056
7.05.2024, വെളപ്പായ.
T2405-530484

നഷ്ടപ്പെട്ടു
തൃശൂർ ജില്ല, തൃശ്ശൂർ താലൂക്ക്, പനമുക്ക് ദേശത്ത്, നെടുപുഴ പോസ്റ്റ് ചക്രമുക്കിൽ വീട്ടിൽ ഫ്രാൻസിസ് മകൻ 50 വയസ്സ് ടോണി ഫ്രാൻസിസ് എന്നവർക്ക് ചേർത്ത് S.R.O 1786/2010 നമ്പർ തീറാധാരം പ്രകാരം സിദ്ധിച്ച പാലിശ്ശേരി വില്ലേജ് റീസർവ്വെ നമ്പർ 73/21, സർവ്വെ നമ്പർ 140/1-ൽ പെട്ട 4.52 ആർസ് വഹകൾ സിദ്ധിച്ചിട്ടുണ്ട്. മേൽനമ്പ്ര് ആധാരത്തിന്റെ കിഴായങ്ങളായ ഊരകം S.R.O. 1000/1975, 1658/1973 നമ്പർ തീറാധാരങ്ങളും, ചേർത്ത് S.R.O 676/1976 നമ്പർ ഒഴിമുറിയാധാരവും നഷ്ടപ്പെട്ടു പോയിട്ടുള്ളതാണ്. വഹകൾ ക്രയവിക്രയം ചെയ്യുന്നതിന് മേൽനമ്പ്ര് ആധാരത്തിന്റെ സർട്ടിഫൈഡ് കോപ്പി, റെജിസ്ട്രേഷന് പകരമായി പരിഗണിക്കുന്നതിൽ ആർക്കെങ്കിലും എതിർപ്പുണ്ടെങ്കിൽ മതിയായ കാരണം കാണിച്ച് 7 ദിവസത്തിനകം താഴെ പറയുന്ന വിലാസത്തിൽ രജിസ്ട്രേസ് കത്ത് മുഖേന അറിയിക്കേണ്ടതാണ്. അല്ലാത്തപക്ഷം മേൽ കാര്യത്തിൽ പൊതുജനത്തിന് യാതൊരു തർക്കവും ഇല്ല എന്ന അനുമാനത്തിൽ വഹകൾ ക്രയവിക്രയം ചെയ്യുന്നതാണ്.
ടോണി ഫ്രാൻസിസ്
S/o. ചക്രമുക്കിൽ വീട്ടിൽ ഫ്രാൻസിസ്
പനമുക്ക്, നെടുപുഴ പോസ്റ്റ്, തൃശൂർ-680007
T2405-530487

നഷ്ടപ്പെട്ടു
എന്റെ KL02AZ8677 നമ്പർ, മാരുതി എസ് ക്രോസ്സ് കാറിന്റെ ആർ സി ബുക്ക് 29-04-2024 മുതൽ കുറ്റൂമുക്ക് പരിസരത്ത് വെച്ച് കാണ്മാനില്ല. കണ്ട് കിട്ടുന്നവർ ദയവായി താഴെകാണുന്ന നമ്പറിലോ വിലാസത്തിലോ അറിയിക്കണമെന്ന് അപേക്ഷിക്കുന്നു.
ഷൈൻ വിൽസൺ, കിഴക്കുംചേരി ഹൌസ്, തൃക്കൂർ പി ഒ, തൃശ്ശൂർ 680306,
Mob: 9744746795
T2405-530502

CHANGE OF NAME
I, SULFIYATH MUZAMIL holder of passport number/ document name K3487761 do hereby change my name to SULFIYATH YOOSAF
T2405-530522

പൊതുയോഗ അറിയിപ്പ്
ശ്രീ പത്മനാഭ നിധി ലിമിറ്റഡ് എന്ന കമ്പനിയുടെ ആറാമത് വാർഷിക പൊതുയോഗം 31/05/2024 10 AM ന് കമ്പനി രജിസ്ട്രേഡ് ഓഫീസിൽ വെച്ച് നടത്തുന്നതാണ്. പൊതുയോഗത്തിന്റെ അറിയിപ്പ് കിട്ടാത്ത ഓഹരി ഉടമകൾ ഇത് നിധി നിയമപ്രകാരമുള്ള ഒരറിയിപ്പായി കണക്കാക്കി യോഗത്തിൽ പങ്കെടുക്കണമെന്ന് അറിയിക്കുന്നു.
എന്ന്,
ശ്രീ പത്മനാഭ നിധി ലിമിറ്റഡിനുവേണ്ടി,
എം.ശശീന്ദ്രൻ,
മാനേജിംഗ് ഡയറക്ടർ
(DIN:8041044), പ്ലാപ്പ്,
വടക്കഞ്ചേരി
07 - 05 - 2024.
T2405-530495

NOTICE
My SSLC Card bearing Reg. No. 345263 Year 2020 March has been irrecoverably lost. It is decided to submit an application for the Duplicate SSLC Card before the Secretary to the Commissioner for Government Examinations (in the prescribed form) as per approved procedure. Those who have any objection to issue duplicate SSLC Card to me may file their objection before the Secretary, Board of Public Examinations, Pareeksha Bhavan, Poojappura, Thiruvanathapuram within 15 days from the date of this advertisement.
MOHAMMED ROSHAN. N.H, S/O. SRI. HANEEFA, NOOLPADATH HOUSE, CHETTUVA, KUNDALIYUR. P.O, THRISSUR-680 616
T2405-530505

തൃശൂർ മുനിസിപ്പൽ കോർപ്പറേഷൻ
തൃശൂർ-680001
ഫോൺ: 0487 2422220, Email: thrissursecretary@gmail.com
പുനർലേല/ടെണ്ടർ നോട്ടീസ്
R 13-79539/23 തിയ്യതി: 06.05.2024.
തൃശൂർ മുനിസിപ്പൽ കോർപ്പറേഷൻ വക താഴെ പറയുന്ന സ്ഥലങ്ങളിലെ കുത്തക ഇനങ്ങളിൽ നിന്നും നിലവിലുള്ള അവസ്ഥയിലും സാഹചര്യങ്ങളിലും 2024-25 സാമ്പത്തിക വർഷം ഫീസ് പിരിവ് നടത്തുന്നതിനുള്ള / ആദായം അനുഭവിക്കുന്നതിനുള്ള അവകാശം അനുവദിച്ചു ലഭിക്കുന്നതിന് തൽസംബന്ധമായ നിബന്ധനകൾക്കു വിധേയമായി നിശ്ചിത ഫോറത്തിൽ മുദ്രവെച്ച ടെണ്ടറുകൾ ക്ഷണിച്ചുകൊള്ളുന്നു. ലേലം/ടെണ്ടറിനോടൊപ്പം ചുവടെ വിവരിക്കുന്ന നിരക്കിലുള്ള സംഖ്യ നിരതദ്രവ്യമായി കോർപ്പറേഷൻ സെക്രട്ടറിയുടെ പേരിൽ ബാങ്കിൽ നിന്നുള്ള നടുത്തുള്ള ഡിമാന്റ് ഡ്രാഫ്റ്റ് അടക്കം ചെയ്യേണ്ടതാണ്. ടെണ്ടറുകൾ 18.05.2024 രാവിലെ 11 മണിവരെ കോർപ്പറേഷൻ ഓഫീസിലെ റവന്യൂ വിഭാഗത്തിൽ സ്വീകരിക്കുന്നതായിരിക്കും. കൂടാതെ ടി ഇനങ്ങൾക്കായി അന്നേദിവസം തന്നെ രാവിലെ 11.30-ന് കോർപ്പറേഷൻ ഓഫീസിൽ വെച്ച് പരസ്യമായി ലേലം നടത്തുന്നതുമായിരിക്കും. ലേലത്തിലും ടെണ്ടറിലും പങ്കെടുക്കുന്നവർ നിയമാനുസൃത തിരിച്ചറിയൽ രേഖ ഹാജരാക്കേണ്ടതാണ്. ലേലം/ ടെണ്ടർ തിയ്യതി ഏതെങ്കിലും കാരണവശാൽ പൊതുഅവധിയായി പ്രഖ്യാപിക്കുന്നപക്ഷം തൊട്ടടുത്ത പ്രവൃത്തി ദിവസം ഇതേ സമയക്രമത്തിൽ ടെണ്ടർ/ലേലം നടത്തുന്നതാണ്. ടെണ്ടർ ഫോറം, നിബന്ധനകൾ എന്നിവ റവന്യൂ വിഭാഗത്തിൽ നിന്നും 118/- രൂപ നിരക്കിൽ ലഭിക്കുന്നതാണ്. ലേലം/ടെണ്ടർ സമർപ്പിക്കുന്ന വ്യക്തിതന്നെ ഒപ്പിട്ട നിബന്ധനകൾ കൂടി സമർപ്പിക്കേണ്ടതാണ്. നിലവിൽ കുത്തകയിനം ഏറ്റെടുത്ത് കുടിശ്ശികയുള്ള വ്യക്തികൾക്ക് ടെണ്ടർ/ലേലത്തിൽ പങ്കെടുക്കുവാൻ അനുവാദം ഉണ്ടായിരിക്കുന്നതല്ല. കൂടുതൽ വിശദാംശങ്ങൾ പ്രവൃത്തി ദിവസങ്ങളിൽ റവന്യൂ വിഭാഗത്തിൽ നിന്നും/കോർപ്പറേഷൻ വെബ്സൈറ്റിൽ നിന്നും അറിയാവുന്നതാണ്.
വെബ്സൈറ്റ് അഡ്രസ്: www.thrissurcorporation.lsgkerala.gov.in
ടെണ്ടർ/ലേലം തിയ്യതി - 18.05.2024
ലേല സമയം - 11.30 am
ടെണ്ടർ സ്വീകരിക്കുന്നത് - 18.05.2024 പകൽ 11 മണിവരെ
ടെണ്ടർ ഫോറം ലഭിക്കുന്നത് - 17.05.2024 വൈകീട്ട് 3 മണിവരെ

ക്രമ നമ്പർ	കുത്തകയിനം	നിരതദ്രവ്യം
1.	കുരിയച്ചിറ അറവുശാല	1,50,000/-
2.	കോർപ്പറേഷൻ പരിധിയിൽ നെഹ്റു പാർക്ക് ഉൾപ്പെടെ പോട്ടോ, വീഡിയോ, സിനിമാ ഷൂട്ടിംഗ്	5,000/-
3.	അരണാട്ടുകര, കിഴക്കേകോട്ട, പടിഞ്ഞാറേകോട്ട, മണ്ണുത്തി മാർക്കറ്റ് ഫീസ് പിരിവ്	10,000/-
4.	ഒല്ലൂർ ഡംപിംഗ് യാർഡിലെ തെങ്ങുകളിൽ നിന്നുള്ള ആദായം (3 വർഷം)	5,000/-
5.	ഒല്ലൂർ എടക്കുന്നി ലക്ഷംവീട് കോളനിയിലെ തെങ്ങുകളിൽ നിന്നുള്ള ആദായം (3 വർഷം)	5,000/-
6.	ഇലഞ്ഞിക്കുളം ബണ്ടിലെ തെങ്ങുകളിൽ നിന്നുള്ള ആദായം (3 വർഷം)	15,000/-
7.	ഒളരി, അയ്യന്തോൾ, ഒല്ലൂർ, പനംകുറ്റിച്ചിറ മാർക്കറ്റ് ഫീസ് പിരിവ്	10,000/-
8.	ഒല്ലൂക്കര സോണൽ ഓഫീസ് പരിധിയിലെ തെങ്ങുകളിൽ നിന്നുള്ള ആദായം (1 വർഷം)	5,000/-

(ഒപ്പ്)ജോയിന്റ് കോർപ്പറേഷൻ സെക്രട്ടറി
തൃശൂർ മുനിസിപ്പൽ കോർപ്പറേഷൻ
T2405-530504

ഇന്ത്യൻ ബാങ്ക് Indian Bank ALLAHABAD
സോണൽ ഓഫീസ്, കോഴിക്കോട്
Dr. SB's ഡെന്റിസ്ട്രി & ഓർത്തഡോന്റിക്സ് ബിൽഡിംഗ് താഴെ നില, കണ്ണൂർ റോഡ്, വെസ്റ്റ് നടക്കാവ്, കോഴിക്കോട്-673011

കൈവശമേറ്റെടുക്കൽ നോട്ടീസ്
സെക്യൂരിറ്റൈസേഷൻ ആന്റ് റീകൺസ്ട്രക്ഷൻ ഓഫ് ഫൈനാൻഷ്യൽ അസ്സെറ്റ്സ് ആന്റ് എൻഫോഴ്സ്മെന്റ് ഓഫ് സെക്യൂരിറ്റി ഇന്ററസ്റ്റ് ആക്ട് 2002, സെക്ഷൻ 13(4) പ്രകാരവും, സെക്യൂരിറ്റി ഇന്ററസ്റ്റ് (എൻഫോഴ്സ്മെന്റ്) റൂൾസ് 2002-ലെ റൂൾ 8(1) പ്രകാരവും
എന്തെന്നാൽ, സെക്യൂരിറ്റൈസേഷൻ ആന്റ് റീകൺസ്ട്രക്ഷൻ ഓഫ് ഫൈനാൻഷ്യൽ അസ്സെറ്റ്സ് ആന്റ് എൻഫോഴ്സ്മെന്റ് ഓഫ് സെക്യൂരിറ്റി ഇന്ററസ്റ്റ് ആക്ട് 2002 സെക്ഷൻ 13(12) പ്രകാരം അധികാരം കിട്ടിയിട്ടുള്ള ഇന്ത്യൻ ബാങ്കിന്റെ ഉദ്യോഗസ്ഥൻ എന്ന നിലയിൽ സെക്യൂരിറ്റി ഇന്ററസ്റ്റ് എൻഫോഴ്സ്മെന്റ് റൂൾസ് 2002, റൂൾ 8 & 9 പ്രകാരം **(1) ശ്രീമതി സിന്ധു ഗോപിനാഥ്,** W/o ശ്രീ. പി.ശശികുമാർ (വായ്പക്കാരൻ), **(2) ശ്രീ. പി. ശശികുമാർ,** S/o ശ്രീ. രാമൻ നായർ (സഹ വായ്പക്കാരൻ), ഇരുവരും താമസം: നമസ്തേ ലഗസി, ഫ്ളാറ്റ് നം. 53, ചെമ്പുക്കാവ്, തൃശൂർ-680020, എന്നിവർക്ക് ഇന്ത്യൻ ബാങ്ക്, **തൃശൂർ** ശാഖയിൽ 30.10.2023 വരെ കുടിശ്ശികയായ **16,41,310.72** രൂപയും (പതിനാറ് ലക്ഷത്തി നാല്പത്തൊന്നായിരത്തി മുന്നൂറ്റി പത്ത് രൂപ എഴുപത്തിരണ്ട് പൈസ മാത്രം) 31.10.2023 മുതൽ പിന്നീടുള്ള പലിശയും മറ്റു ചിലവുകളും നോട്ടീസ് കൈപ്പറ്റി 60 ദിവസത്തിനകം തിരിച്ചടയ്ക്കുന്നതിന് ഒരു ഡിമാന്റ് നോട്ടീസ് **14.02.2024** ന് അയച്ചിരുന്നു.
വായ്പക്കാർ/ജാമ്യക്കാർ പ്രസ്തുത സമയത്തിനകം തുക അടയ്ക്കാൻ വീഴ്ച വരുത്തിയതിനെ തുടർന്ന് മേൽപറഞ്ഞ ആക്ടിലെ സെക്ഷൻ 13(4) പ്രകാരവും, ബാധകവുമായ ചട്ടങ്ങൾ പ്രകാരവുമുള്ള അധികാരമുപയോഗിച്ച് താഴെ പട്ടികയിൽ കൊടുത്തിരിക്കുന്ന സ്ഥാവര വസ്തുക്കൾ **07.05.2024** തീയതിയിൽ ഇന്ത്യൻ ബാങ്കിന് വേണ്ടി കരസ്ഥപ്പെടുത്തിയിരിക്കുന്നതായി വായ്പക്കാരെ/ജാമ്യക്കാരെ പ്രത്യേകിച്ചും, ജനങ്ങളെ പൊതുവായും അറിയിച്ചു കൊള്ളുന്നു.
ഈ വസ്തുക്കളിൽ യാതൊരുവിധ ഇടപാടുകളും നടത്തരുതെന്ന് വായ്പക്കാരെ/ജാമ്യക്കാരെ പ്രത്യേകിച്ചും, ജനങ്ങളെ പൊതുവായും ഇതിനാൽ മുന്നറിയിപ്പ് നൽകുന്നു. ഈ വസ്തുവിലുള്ള ഏതൊരു ഇടപാടും ഇന്ത്യൻ ബാങ്ക്, **തൃശൂർ** ശാഖയിലേക്ക് 30.10.2023 വരെ കിട്ടുവാനുള്ള **16,41,310.72** രൂപയ്ക്കും (പതിനാറ് ലക്ഷത്തി നാല്പത്തൊന്നായിരത്തി മുന്നൂറ്റി പത്ത് രൂപ എഴുപത്തിരണ്ട് പൈസ മാത്രം) 31.10.2023 മുതൽ പിന്നീടുള്ള പലിശയ്ക്കും മറ്റു ചിലവുകൾക്കും വിധേയമായിരിക്കും.
സ്ഥാവര വസ്തുക്കളുടെ വിവരണം
തൃശൂർ ജില്ല, മുണ്ടൂർ സബ്ബ് രജിസ്ട്രാർ ഓഫീസ്, തൃശൂർ താലൂക്ക്, വെളപ്പായ വില്ലേജ്, റിസർവ്വെ നമ്പർ 46/7 ഭാഗം (പഴയ സർവ്വെ നമ്പർ 526/ഭാഗം) ആയുള്ള 3.41 ആർസ് സ്ഥലവും, അതിലിരിപ്പ് വീടും മറ്റ് കുഴിക്കൂർ ചമയങ്ങളും. **വസ്തുക്കളുടെ അതിരുകൾ: വടക്ക്:** പണിക്കത്ത്ബാബുരാജിന്റെ വസ്തു, **പടിഞ്ഞാറ്:** കൊല്ലന്നൂർ ജോയിയുടെ വസ്തു, **കിഴക്ക്:** സ്വകാര്യ റോഡ്, **തെക്ക്:** പണിക്കത്ത് വിനോദിനിയുടെ വസ്തു.
സ്ഥലം: തൃശൂർ അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥൻ
തീയതി: 07.05.2024 ഇന്ത്യൻ ബാങ്ക്
T2405-530497

നിരതദ്രവ്യം കുടിശ്ശിക ചെയ്യുവാൻ ഉദ്ദേശിക്കുന്നത് കാരണം

	ക്രമ നമ്പർ	നിലവിലുള്ളത്	നിർദിഷ്ട ഭേദഗതി
1.	17	സംഘത്തിന്റെ മൂലധനം ഓഹരി ഒന്നിന് 200- ക വിലയുള്ള 10000 എ ക്ലാസ് ഓഹരികളും ഓഹരി ഒന്നിന് 1000-ക വിലയുള്ള 1000 ബി ക്ലാസ് ഓഹരികളും ഓഹരി ഒന്നിന് 5-ക വിലയുള്ള 10000 സി ക്ലാസ് ഓഹരികളും അടങ്ങിയ 3050000/ ക യായിരിക്കും. ബി ക്ലാസ് ഓഹരികൾ സ്റ്റേറ്റ് ഗവൺമെന്റ്/ സ്റ്റേറ്റ് കോപ്പറേറ്റീവ് ബാങ്ക്/ സെൻട്രൽ കോ ഓപ്പറേറ്റീവ് ബാങ